LIBRARY ARCHIVES Kerala Legislative Assembly

**താഴത്തിടത്ത് ശ്രീ. മാധവൻ നായർക്ക് കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായം**

**75 (1443)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാരൻമാർക്കുള്ള സാമ്പത്തിക സഹായത്തിന് കോഴിക്കോട് ജില്ലയിലെ താഴത്തിടത്ത് ശ്രീ.മാധവൻ നായർ അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ശ്രീ. മാധവൻ നായർക്ക് സാമ്പത്തിക സഹായം അനുവദിക്കാനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായത്തിന് താഴത്തിടത്ത് ശ്രീ. മാധവൻനായർ നൽകിയ അപേക്ഷ സാംസ്കാരിക വകുപ്പ് മേധാവി കേരള ഫോക്ക്ലോർ അക്കാദമിയുടെ ശുപാർശക്കായി അയച്ചിട്ടുണ്ട്.

**സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ/അക്കാദമികൾ**

**76 (1444)** ശ്രീ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര സാംസ്കാരിക സ്ഥാപനങ്ങൾ / അക്കാദമികൾ പ്രവർത്തിക്കുന്നുണ്ട് ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഈ അക്കാദമികൾക്ക് ഓരോന്നിനും ഈ വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(സി) കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിക്ക് പ്ലാൻഫണ്ടിൽനിന്നും തുക വകയിരുത്താൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക വകയിരുത്തി ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ 34 സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

(ബി) അക്കാദമികൾക്ക് ഈ വർഷത്തെ (2015-16) പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുക താഴെ പറയും പ്രകാരമാണ് :

| | | |
|---|---|---|
| 1. | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | 475 ലക്ഷം |
| 2. | കേരള സംഗീത നാടക അക്കാദമി | 405 ,, |
| 3. | കേരള ലളിതകലാ അക്കാദമി | 400 ,, |
| 4. | കേരള ഫോക്‌ലോർ അക്കാദമി | 174 ,, |
| 5. | കേരള സാഹിത്യ അക്കാദമി | 240 ,, |
| 6. | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി | ..... |
| 7. | കൊങ്കിണി സാഹിത്യ അക്കാദമി | ..... |
| 8 | കേരള തുളു അക്കാദമി | ..... |

(സി) ഉണ്ട്. എന്നാൽ തുക വകയിരുത്തിയിട്ടില്ല.

**രാജാരവിവർമ്മ സ്മാരക നിലയത്തിൽ സംഘടിപ്പിച്ച പരിപാടികൾ**

**77 (1445)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജാരവിവർമ്മയുടെ 168-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയത്തിൽ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി ഈ ആഘോഷ പരിപാടികൾക്കായി എന്ത് തുക ചെലവഴിച്ചിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിനായുള്ള ഫണ്ട് ലഭ്യമാക്കിയത് ഏത് ഏജൻസിയിൽ നിന്നുമാണെന്ന് വ്യക്തമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്